"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - ജീവനക്കാര്യം - പ്രിൻസിപ്പൽ ഡയറക്ടറുടെ കാര്യാലയത്തിലെ ജൂനിയർ സൂപ്രണ്ട് ശ്രീ. രാജേഷ് എ.-ക്ക് ഷോർട്ട് ഫിലിമിൽ അഭിനയിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയം ഭരണ (ഇപിബി) വകുപ്പ്**

സ.ഉ.(സാധാ) നം.3073/2025/LSGD തീയതി,തിരുവനന്തപുരം, 26-12-2025

---

പരാമർശം:-

1. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറേറ്റിലെ ജൂനിയർ സൂപ്രണ്ട് ശ്രീ. രാജേഷ് എ.-യുടെ തീയതി രേഖപ്പെടുത്താത്ത അപേക്ഷ
2. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 30.10.2025 ലെ LSGD/PD/33527/2025-IE3 നമ്പർ കത്ത്.

**ഉത്തരവ്**

തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ കാര്യാലയത്തിലെ ജൂനിയർ സൂപ്രണ്ട് ശ്രീ. രാജേഷ് എ.-ക്ക് വേദാനന്ദ് എന്ന ഡയറക്ടറുടെ പേരിടാത്ത ഷോർട്ട് ഫിലിമിൽ അഭിനയിക്കാൻ അവസരം ലഭിച്ചിട്ടുണ്ടെന്നും ആയതിനാൽ ഔദ്യോഗിക കൃത്യ നിർവ്വഹണത്തിൽ തടസം വരാതെയും പ്രതിഫലം പറ്റാതെയും ടി ഷോർട്ട് ഫിലിമിൽ അഭിനയിക്കാൻ അനുമതി നൽകണമെന്ന് അഭ്യർത്ഥിച്ച് ടിയാൻ സമർപ്പിച്ച പരാമർശം (1) -ലെ അപേക്ഷ പരാമർശം (2) പ്രകാരം തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ ശിപാർശ ചെയ്ത് സർക്കാരിൽ ലഭ്യമാക്കുകയുണ്ടായി.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ കാര്യാലയത്തിലെ ജൂനിയർ സൂപ്രണ്ട് ശ്രീ. രാജേഷ് എ.-ക്ക്, അർഹതപ്പെട്ട അവധി ഉപയുക്തമാക്കി, പ്രതിഫലം കൈപ്പറ്റാതെ വേദാനന്ദ് എന്ന ഡയറക്ടറുടെ പേരിടാത്ത ഹ്രസ്വചിത്രത്തിൽ മാത്രം അഭിനയിക്കുന്നതിന്, 1960-ലെ കേരള സർക്കാർ ജീവനക്കാരുടെ പെരുമാറ്റ ചട്ടങ്ങളിലെ ചട്ടം 48(1)-ലെ വ്യവസ്ഥകൾക്ക് വിധേയമായി അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

പദ്മിനി കെ എസ്

ഡെപ്യൂട്ടി സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയം ഭരണ വകുപ്പ്, തിരുവനന്തപുരം

ശ്രീ. രാജേഷ് എ., ജൂനിയർ സൂപ്രണ്ട്, പ്രിൻസിപ്പൽ ഡയറക്ടറുടെ കാര്യാലയം, തിരുവനന്തപുരം (*തദ്ദേശ സ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന*)

അക്കൗണ്ടന്റ് ജനറൽ , കേരള, (എ&ഇ/ആഡിറ്റ്), തിരുവനന്തപുരം/തൃശ്ശൂർ
വിവരപൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
കരുതൽ ഫയൽ/ഓഫീസ് പകർപ്പ് (ഇപിബി1/280/2025-തസ്വഭവ)

ഉത്തരവിൻ പ്രകാരം

**Signed by Riju M Das**
**Date: 26-12-2025 16:45:02**

സെക്ഷൻ ഓഫീസർ

പകർപ്പ്:- ബഹു.തദ്ദേശ സ്വയം ഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്